**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2172** **14-10-2024 - ൽ മറുപടിയ്ക്ക്**

**പെരിറ്റോണിയൽ ഡയാലിസിസിനുള്ള മരുന്നുകളും ഉപകരണങ്ങളും സൗജന്യമായി ലഭ്യമാക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | വൃക്കരോഗികൾക്ക് വീട്ടിൽ തന്നെ ഡയാലിസിസ് സാധ്യമാക്കുന്ന പെരിറ്റോണിയൽ ഡയാലിസിസിനുള്ള മരുന്നുകളും ഉപകരണങ്ങളും സൗജന്യമായി നൽകുന്നത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | പ്രസ്തുത മരുന്നുകളും ഉപകരണങ്ങളും വൃക്കരോഗികൾക്ക് തുടർന്നും സൗജന്യമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | മരുന്നുകളും ഉപകരണങ്ങളും വൃക്കരോഗികൾക്ക് തുടർന്നും ലഭ്യമാക്കുന്നതിനായി കേരളത്തിലെ 14 ജില്ലകളിലും ഓരോ സ്ഥാപനങ്ങൾ വീതം തിരഞ്ഞെടുക്കുകയും, ഈ ആവശ്യത്തിനായി അടുത്ത സാമ്പത്തിക വർഷത്തേക്ക് ആകെ 9,90,45000/- (ഒൻപത് കോടി തൊണ്ണൂറ് ലക്ഷത്തി നാല്പത്തി അയ്യായിരം രൂപ മാത്രം) അനുവദിക്കുകയും ചെയ്തിട്ടുണ്ട്.<br><br>തുക അനുവദിച്ചതിന്റെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br><br>1.തിരുവനന്തപുരം - തിരുവനന്തപുരം ജനറൽ ആശുപത്രി - 80,00,000/-(എൺപത് ലക്ഷം രൂപ മാത്രം)<br><br>2.കൊല്ലം - കൊല്ലം ജില്ലാ ആശുപത്രി -80,00,000/- (എൺപത് ലക്ഷം രൂപ മാത്രം)<br><br>3.പത്തനംതിട്ട – പത്തനംതിട്ട ജനറൽ ആശുപത്രി - 60,00,000/-(അറുപത് ലക്ഷം രൂപ മാത്രം)<br><br>4.ആലപ്പുഴ - ആലപ്പുഴ ജനറൽ ആശുപത്രി - 80,00,000/-(എൺപത് ലക്ഷം രൂപ മാത്രം)<br><br>5.കോട്ടയം - കോട്ടയം ജനറൽ ആശുപത്രി - 60,00,000/-(അറുപത് ലക്ഷം രൂപ മാത്രം) |

| | | | | |
|---|---|---|---|---|
| | | | | 6.ഇടുക്കി - തൊടുപുഴ ജില്ലാ ആശുപത്രി-60,00,000/-(അറുപത് ലക്ഷം രൂപ മാത്രം)<br><br>7.എറണാകുളം - എറണാകുളം ജനറൽ ആശുപത്രി -80,00,000/-(എൺപത് ലക്ഷം രൂപ മാത്രം)<br><br>8.തൃശ്ശൂർ – തൃശ്ശൂർ ജനറൽ ആശുപത്രി - 60,00,000/-(അറുപത് ലക്ഷം രൂപ മാത്രം)<br><br>9.പാലക്കാട് - പാലക്കാട് ജില്ലാ ആശുപത്രി - 1,00,00,000/-(ഒരു കോടി രൂപ മാത്രം)<br><br>10.മലപ്പുറം - തിരൂർ ജില്ലാ ആശുപത്രി - 80,00,000/-(എൺപത് ലക്ഷം രൂപ മാത്രം)<br><br>11.കോഴിക്കോട് - കോഴിക്കോട് ജനറൽ ആശുപത്രി - 60,45,000/-(അറുപത് ലക്ഷത്തി നാല്പത്തി അയ്യായിരം രൂപ മാത്രം)<br><br>12.വയനാട് - മാനന്തവാടി ജില്ലാ ആശുപത്രി - 70,00,000/-(എഴുപത് ലക്ഷം രൂപ മാത്രം)<br><br>13.കണ്ണൂർ - കണ്ണൂർ ജില്ലാ ആശുപത്രി - 60,00,000/-(അറുപത് ലക്ഷം രൂപ മാത്രം)<br><br>14.കാസറഗോഡ് - കാസറഗോഡ് ജനറൽ ആശുപത്രി - 60,00,000/-(അറുപത് ലക്ഷം രൂപ മാത്രം) |

സെക്ഷൻ ഓഫീസർ